"CORRUPTION, A CRIME AGAINST NATION"

വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ
തിരുവനന്തപുരം 695033
E-mail:vig.vacb@kerala.gov.in
ഫോൺ നം. 0471-2305393
തീയതി.08.11.2025

# ഓപ്പറേഷൻ "ഹരിത കവചം" :- സംസ്ഥാനത്തെ റവന്യൂ ഡിവിഷണൽ ഓഫീസുകളിലും ഡെപ്യൂട്ടി കളക്ടർ ഓഫീസുകളിലും വിജിലൻസ് നടത്തിയ മിന്നൽ പരിശോധനയിൽ അഴിമതിയും വ്യാപക ക്രമക്കേടുകളും കണ്ടെത്തി

കേരള നെൽ വയൽ-തണ്ണീർത്തട സംരക്ഷണ നിയമത്തിലെയും ചട്ടങ്ങളുടെയും വ്യവസ്ഥകൾക്ക് വിരുദ്ധമായി സംസ്ഥാനത്ത് തണ്ണീർത്തടങ്ങളും നെൽ വയലുകളും ഡാറ്റാബാങ്കിൽ നിന്നും വ്യാപകമായി ഒഴിവാക്കി നൽകുന്നതായും, അപേക്ഷകരിൽ നിന്നും നേരിട്ടും ഏജന്റുമാർ മുഖേനയും ചില ഉദ്യോഗസ്ഥർ കൈക്കൂലി കൈപ്പറ്റി ഇത്തരം ക്രമക്കേടുകൾക്ക് കൂട്ടുനിൽക്കുന്നതായും വിജിലൻസിന് വിവരം ലഭിച്ചിരുന്നു. ഡേറ്റാബാങ്കിൽ നിന്നും ഒഴിവാക്കി വസ്തു തരം മാറ്റുന്നതിനുള്ള ഉത്തരവ് നേടിയ ശേഷം നെൽ വയലുകളും തണ്ണീർത്തടങ്ങളും പരിവർത്തനപ്പെടുത്തി കെട്ടിടങ്ങളും വീടുകളും നിർമ്മിച്ച് വിൽപ്പന നടത്തുന്നതിനായി റവന്യു ഡിവിഷണൽ ഓഫീസുകൾ കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന ഭൂമാഫിയയും റിയൽ എസ്റ്റേറ്റുകാരും ഉൾപ്പെടുന്ന സംഘങ്ങൾ സംസ്ഥാനത്ത് സജീവമാണെന്നും, കൈക്കൂലിയും അനധികൃത പ്രതിഫലവും കൈപ്പറ്റിയും, സ്വാധീനത്തിന് വഴങ്ങിയും ചില ഉദ്യോഗസ്ഥർ

ചട്ടങ്ങൾക്ക് വിരുദ്ധമായി ഭൂമി തരം മാറ്റുന്നതിനായി അനുകൂല റിപ്പോർട്ടുകൾ നൽകി വരുന്നതായും വിജിലൻസിന് വിവരം ലഭിച്ചിരുന്നു. ഈ വിവരത്തിന്റെ അടിസ്ഥാനത്തിൽ ഡാറ്റാബാങ്കിൽ ഉൾപ്പെട്ടതും നിയമപ്രകാരം തരം മാറ്റി നൽകാൻ പാടില്ലാത്തതുമായ ഭൂമി വ്യവസ്ഥകൾക്ക് വിരുദ്ധമായി ഡാറ്റാബാങ്കിൽ ഒഴിവാക്കി നൽകുന്നതിലെയും തരം മാറ്റി നൽകുന്നതിലെയും അഴിമതിയും ക്രമക്കേടുകളും കണ്ടെത്തുന്നതിനായി വിജിലൻസ് ഡയറക്ടർ ശ്രീ. മനോജ് എബ്രഹാം ഐ.പി.എസ് ന്റെ നിർദ്ദേശ പ്രകാരം സംസ്ഥാനത്തെ 27 റവന്യൂ ഡിവിഷണൽ ഓഫീസുകളിലും, തരം മാറ്റൽ പ്രക്രിയയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന 32 ഡെപ്യൂട്ടി കളക്ടർമാരുടെ ഓഫീസുകളിലുമായി ആകെ 69 ഓഫീസുകളിൽ ഇന്നലെ (07.11.2025) രാവിലെ 10.30 മണി മുതൽ വൈകിട്ട് 6 മണി വരെ **"ഓപ്പറേഷൻ ഹരിത കവചം"** എന്ന പേരിൽ സംസ്ഥാന തലത്തിൽ വിജിലൻസ് മിന്നൽ പരിശോധന നടത്തി.

2023 മുതൽ ഡേറ്റാ ബാങ്കിൽ നിന്നും ഒഴിവാക്കുന്നതിനും തരം മാറ്റുന്നതിനുമായി ലഭിച്ച അപേക്ഷകളിലെ ഫയലുകൾ ആണ് വിജിലൻസ് പരിശോധനയ്ക്ക് വിധേയമാക്കിയത്. സംസ്ഥാന വ്യാപകമായി നടത്തിയ മിന്നൽ പരിശോധനയിൽ കേരള നെൽ വയൽ-തണ്ണീർത്തട സംരക്ഷണ നിയമത്തിലെയും ചട്ടങ്ങളിലെയും വ്യവസ്ഥകൾക്ക് വിരുദ്ധമായി സംസ്ഥാനത്ത് തണ്ണീർത്തടങ്ങളും നെൽ വയലുകളും ഡാറ്റാബാങ്കിൽ നിന്നും വ്യാപകമായി ഒഴിവാക്കിയും തരം മാറ്റിയും നൽകിയിട്ടുള്ളതായി കണ്ടെത്തി. ചില ജില്ലകളിൽ ഫീൽഡ് വെരിഫിക്കേഷൻ നടത്തിയതിൽ, തരം മാറ്റപ്പെട്ട ഭൂമി നീർച്ചാലുകൾ ഉൾപ്പെടുന്ന തണ്ണീർത്തടങ്ങളിൽ മണ്ണ് നിക്ഷേപിച്ച് പരിവർത്തനപ്പെടുത്തിയതാണെന്നും കണ്ടെത്തി. നിലവിൽ തണ്ണീർ തടങ്ങളായി നിലനിൽക്കുന്ന പ്രദേശത്ത് തണ്ണീർ തടത്തിനുള്ളിൽ വരുന്ന സ്ഥലങ്ങൾ മണ്ണിട്ട് നികത്തി തരം മാറ്റം നേടി പരിവർത്തനപ്പെടുത്തിയതും വിജിലൻസ് കണ്ടെത്തി.

തരം മാറ്റേണ്ട ഭൂമിയുടെ വിസ്തൃതി **20.20** ആർ ൽ അധികരിക്കുന്ന പക്ഷം, ടി ഭൂമിയുടെ **10%** ജലസംരക്ഷണ നടപടികൾക്കായി നീക്കിവയ്ക്കണമെന്ന ചട്ടത്തിന് വിരുദ്ധമായി പരിശോധന നടത്തിയ പല സ്ഥലങ്ങളിലും **10%** ഭൂമി ജലസംരക്ഷണ നടപടിക്കായി മാറ്റി വച്ചതായി ഉറപ്പ് വരുത്താതെ ഉദ്യോഗസ്ഥർ തരം മാറ്റം അനുവദിച്ച് ഉത്തരവ് നൽകിയിട്ടുള്ളതും വിജിലൻസ് കണ്ടെത്തി.

എറണാകുളം ജില്ലയിൽ നടത്തിയ മിന്നൽ പരിശോധനയിൽ മൂവാറ്റുപുഴ റവന്യു ഡിവിഷണൽ ഓഫീസിലെ ഒരു ഉദ്യോഗസ്ഥൻ തരം മാറ്റൽ പ്രക്രിയയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ഒരു ഏജൻസിയിൽ നിന്നും **4,59,000/-** രൂപ ഗൂഗിൾ പേ മുഖാന്തിരം കൈപ്പറ്റിയതായി കണ്ടെത്തി. ഈ ഓഫീസിലെ തന്നെ മറ്റൊരു ഉദ്യോഗസ്ഥന്റെ ഗൂഗിൾ പേ വഴി സംശയാസ്പദമായ നിലയിൽ നടത്തിയ **11,69,000/-** രൂപയുടെ ഇടപാടുകളും വിജിലൻസ് കണ്ടെത്തി.

മലപ്പുറം ജില്ലയിൽ നടത്തിയ മിന്നൽ പരിശോധനയിൽ ഡാറ്റാ ബാങ്കിൽ നിന്നും ഒഴിവാക്കുന്നതിനായി ഒരു തവണ അപേക്ഷിക്കുകയും, അപേക്ഷ നിരാകരിക്കുകയും ചെയ്ത കേസിൽ വസ്തു മറ്റൊരാളുടെ പേരിൽ രജിസ്റ്റർ ചെയ്ത ശേഷം പുതിയ അപേക്ഷ നൽകി ഉദ്യോഗസ്ഥരെ സ്വാധീനിച്ച് തരം മാറ്റൽ ഉത്തരവ് നേടിയെടുത്തതും കണ്ടെത്തി. ഒരു ഓഫീസിൽ **11** അപേക്ഷകളിൽ അപേക്ഷകരുടെ ഫോൺ നമ്പറിന്റെ സ്ഥാനത്ത് ഒരേ ഫോൺ നമ്പർ നൽകിയിരിക്കുന്നതായി കണപ്പെട്ടു. ഇത് ഏജന്റുമാർ മുഖാന്തിരം സമർപ്പിച്ച അപേക്ഷകളാണെന്ന് വിജിലൻസ് സംശയിക്കുന്നു.

കണ്ണൂർ ജില്ലയിലെ തളിപറമ്പ ആർ.ഡി.ഒ ഓഫീസിൽ നടത്തിയ മിന്നൽ പരിശോധനയിൽ ഡേറ്റാ ബാങ്കിൽ ഉൾപ്പെട്ട ഭൂമി കൃഷി ഓഫീസറുടെ റിപ്പോർട്ട് ഇല്ലാതെ തന്നെ ഡേറ്റാ ബാങ്കിൽ നിന്നും ഒഴിവാക്കി ആർ.ഡി.ഒ ഉത്തരവ് ഇട്ടതും, മറ്റൊരു ഫയലിൽ കണ്ണൂർ ജില്ലാ കളക്ടർ തരം മാറ്റം നിരസിച്ച അപേക്ഷയിൽ ആർ.ഡി.ഒ തരം മാറ്റം അനുവദിച്ച് നൽകിയതും കണ്ടെത്തി. പല ജില്ലകളിലും

വർഷങ്ങളായി തീർപ്പാക്കാതെ അപേക്ഷകൾ കെട്ടികിടക്കുന്നതായും, കോഴിക്കോട് ഡെപ്യൂട്ടി കളക്ടർ (റവന്യു റിക്കവറി) ഓഫീസിൽ **2021** മുതൽ ഉള്ള അപേക്ഷകളിൽ നടപടി സ്വീകരിക്കാതെയിരിക്കുന്നതായും കാണപ്പെട്ടു.

കേരളാ നെൽ വയൽ തണ്ണീർത്തട നിയമത്തിനും ചട്ടങ്ങൾക്കും വിരുദ്ധമായി ഉദ്യോഗസ്ഥർ നേരിട്ടും ഏജൻസികൾ മുഖേനയും കൈക്കൂലി കൈപ്പറ്റി നെൽ വയലുകളും തണ്ണീർത്തടങ്ങളും തരം മാറ്റി ഉത്തരവ് നൽകുന്നത് വിജിലൻസ് അതീവ ഗൗരവത്തിൽ കാണുന്നുവെന്നും, മിന്നൽ പരിശോധനയുടെ ഭാഗമായുള്ള തുടർ പരിശോധനകളും ഫീൽഡ് വെരിഫിക്കേഷനുകളും വരും ദിവസങ്ങളിലും തുടരുമെന്നും, സംശയം ഉള്ള കേസുകളിൽ കേരള സംസ്ഥാന റിമോട്ട് സെൻസിംഗ് ആൻഡ് എൻവയോൺമെന്റ് സെന്ററിൽ നിന്നും ഉപഗ്രഹചിത്രങ്ങൾ ഉൾപ്പെടെ ശേഖരിച്ച് വിജിലൻസ് പരിശോധന നടത്തുമെന്നും, ക്രമവിരുദ്ധമായി തരം മാറ്റം നടത്തി നൽകിയ ഉദ്യോഗസ്ഥരുടെയും കുടുംബാംഗങ്ങളുടെയും, ഏജന്റുമാരുടെയും ബാങ്ക് അക്കൗണ്ട് സ്റ്റേറ്റ്മെന്റുകൾ ഉൾപ്പെടെ ശേഖരിച്ച് വിശദ പരിശോധന നടത്തുമെന്നും വിജിലൻസ് ഡയറക്ടർ ശ്രീ. മനോജ് എബ്രഹാം ഐ.പി.എസ് അറിയിച്ചു.

പൊതുജനങ്ങളുടെ ശ്രദ്ധയിൽ അഴിമതി സംബന്ധിച്ച വിവരങ്ങൾ ലഭിക്കുകയാണെങ്കിൽ, വിജിലൻസിന്റെ ടോൾ ഫ്രീ നമ്പറായ **1064** എന്ന നമ്പറിലോ, **8592900900** എന്ന നമ്പറിലോ, വാട്ട്സ്ആപ്പ് നമ്പറായ **9447789100** എന്ന നമ്പറിലോ അറിയിക്കണമെന്ന് വിജിലൻസ് ഡയറക്ടർ ശ്രീ. മനോജ് എബ്രഹാം ഐ.പി.എസ് അഭ്യർത്ഥിച്ചു.